കോഴിക്കോട്ടും, തിരുവനന്തപുരത്തും വച്ചു നടന്ന Talented Bankers മീറ്റുകളിൽ നമുക്ക് മുന്നിലെത്തിയ നൃത്തവും, ഗാനവും, വാദ്യോപകരണ സംഗീതാഭിരുചിയും ചേർന്ന് ജീവിതത്തിന് നിറക്കൂട്ട് ഒരുക്കുന്ന ഒരു യുവ ബാങ്കർ ആകട്ടെ ഈ ആഴ്ചയിലെ ദളം.

ഗ്രീഷ്മ.എം
ഇന്ത്യൻ ഓവർസീസ് ബാങ്ക്
കോട്ടക്കൽ ശാഖ

വിദ്യാഭ്യാസ വകുപ്പിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയി വിരമിച്ച ശ്രീ. രാധാകൃഷ്ണന്റെയും, വീട്ടമ്മയായ പുഷ്പ മണിയുടെയും രണ്ടു മക്കളിൽ ഇളയ ആൾ.

നാലാം ക്ലാസ് വരെ AMLPS സ്കൂളിലും, അഞ്ചു മുതൽ എട്ടാം ക്ലാസ്സ് വരെ AMMHS പുളിക്കലും (രണ്ടും മലപ്പുറം ജില്ലയിൽ) , ഒൻപത് മുതൽ പത്ത് വരെ കോഴിക്കോട് രാമനാട്ടുകരയിലേ സേവാ മന്ദിർ പോസ്റ്റ് ബേസിക് സ്കൂളി ലും ആയിട്ടായിരുന്നു സ്കൂൾ പഠന കാലഘട്ടം. +2 പഠനം ഫറൂക്ക് ഹയർ സെക്കൻഡറി സ്കൂളിലും. കോഴിക്കോട് തന്നെയുള്ള കുറ്റിക്കാട്ടൂർ AWH എൻജിനീയറിങ് കോളജിൽ നിന്നും B Tech ക്കിൽ ബിരുദം. വയനാട് ഗവ. എൻജിനീയറിങ് കോളജിൽ M Tech ചെയ്തു കൊണ്ടിരിക്കെ, ഇന്ത്യൻ ഓവർസീസ് ബാങ്കിൽ ജോലി ലഭിച്ചതിനാൽ പഠനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. എങ്കിലും അടുത്തിടെ കേരള സർവകലാശാല യുടെ വിദൂര വിദ്യാഭ്യാസം വഴി MBA നേടുകയുണ്ടായി.

കോഴിക്കോട് റീജിയനു കീഴിൽ ഉള്ള വെസ്റ്റ് ഹിൽ ശാഖയിൽ ആയിരുന്നു ആദ്യ നിയമനം. 2019 പ്രൊമോഷനെ തുടർന്ന് ബാംഗളൂർ റീജിയണിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. ഹെബ്ബാലു, മേഗലപുര എന്നിവിടങ്ങളിൽ ജോലി ചെയ്ത ശേഷം ഇപ്പൊൾ കോട്ടക്കൽ ശാഖയിൽ ജോലി നോക്കുന്നു.

ബിരുദപഠനകാല ശേഷം ഏതാണ്ട് 6 മാസത്തോളം കോഴിക്കോട് ഗവ.എൻജിനീയറിങ് കോളജിൽ ഗസ്റ്റ് ലക്ചറർ ആയി താത്കാലികമായി ജോലി നോക്കുകയുണ്ടായി. അൽപ്പ കാലമേ അധ്യാപക വൃത്തിയിൽ ഉണ്ടായിരുന്നുള്ളൂ എങ്കിലും, പീന്നീട് ഉള്ള ഔദ്യോഗിക ജീവിതത്തിൽ അതൊരു പാട് സഹായകരമായി മാറി.

കലാ രംഗത്ത് വളരെ ചെറുപ്പത്തിൽ തന്നെ എത്തിപ്പെടാൻ കഴിഞ്ഞു എന്നുള്ളത് ഒരഭിമാനമായി ഗ്രീഷ്മ കരുതുന്നു. നഴ്സറി കാലം മുതൽ പത്താം തരെയുള്ള സ്കൂൾ കാലഘട്ടത്തിൽ എല്ലാ കലാ പരിപാടികളിലും സജ്ജീവമായി മുന്നിലുണ്ടായിരുന്നു. പിതാവിന്റെ

മൂത്ത സഹോദരി ജോലി ചെയ്തിരുന്ന സ്കൂളിൽ വച്ച് ബാലസുബ്രഹ്മണ്യം മാഷിന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന നൃത്ത പഠന ക്ലാസ്സിൽ നന്നേ ചെറുപ്പത്തിൽ തന്നെ ഗ്രീഷ്മയെയും, സഹോദരനെയും ചേർത്തു. കലാ രംഗത്തേക്കുള്ള ആദ്യ ചുവടു വയ്പ്പ് ആയിരുന്നു അത് എന്ന് പറയാം. പഠനത്തിൽ തെറ്റ് വരുത്തിയാൽ, ശിക്ഷ തരുന്ന കാര്യത്തിൽ വിട്ടുവീഴ്ച ഇല്ലാത്ത ഒരു ഗുരുനാഥനെ തന്നെ കലാജീവിതത്തിൽ ആദ്യമായി ലഭിച്ചു. അത് പക്ഷെ ഭാവിയിൽ ഒരു പാട് ഉപകാരപ്പെട്ടു. സ്കൂൾ ഫെസ്റ്റിവലിൽ മാഷ് പഠിപ്പിച്ചു തന്ന നാടോടി നൃത്തം ആയിരുന്നു ആദ്യ സ്റ്റേജ് പെർഫോമൻസ്. പിന്നീടുള്ള കലാ ജിവിതത്തിന്റെ എളിയ തുടക്കം ആ സ്റ്റേജ് പെർഫോമൻസിൽ നിന്നായിരുന്നു.

അതിന് ശേഷം പ്രശസ്ത സിനിമാ താരം ആയ ഹരീഷ് പേരെടിയുടെ ഭാര്യ ബിന്ദു ടീച്ചറിന്റെ കീഴിൽ നൃത്തത്തിൽ തുടർ പഠനം നടത്തി അരങ്ങേറ്റവും ചെയ്തു. LP സ്കൂൾ തലം മുതൽ പത്താം തരം വരെ എല്ലാ കലാ പരിപാടികളിലും പങ്കെടുക്കാൻ മുന്നിലായിരുന്നു. വ്യക്തിഗത - ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു. നൃത്ത രംഗത്ത് മാത്രമായി ഗ്രീഷ്മയുടെ നേട്ടങ്ങൾ അക്കാലത്ത് ഒതുങ്ങിയിരുന്നില്ല. ലളിതഗാനം, കഥ പ്രസംഗം, തബല, കവിതാ പാരായണം, മോണോ ആക്ട് അങ്ങനെ ഒരു വിധം എല്ലാ രംഗത്തും പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു. തബല, കഥാപ്രസംഗം ഇവയ്ക്ക് ജില്ലാ സ്കൂൾ ഫെസ്റ്റിന് വരെ എത്തി ചേരാൻ കഴിഞ്ഞിട്ടുണ്ട്. ക്വിസ് മത്സരങ്ങളിലും ഒരു കൈ നോക്കിയിരുന്നു.

ഇതൊക്കെ ആണെങ്കിലും പഠന കാര്യത്തിൽ ഒരു വീട്ട് വീഴ്ചയ്ക്കും ഇല്ലായിരുന്നു. അക്കാര്യത്തിലും മുൻപന്തിയിൽ ആയിരുന്നത് കൊണ്ട് അധ്യാപകരുടെ കണ്ണിലുണ്ണി ആയിരുന്നു.

സംഗീത പഠനം തുടങ്ങിയത് അഞ്ചാം തരത്തിൽ പഠിക്കുമ്പോൾ ആണ്. കോഴിക്കോട് ഉള്ള ശിവദാസൻ മാഷായിരുന്നു ആദ്യ ഗുരു. പീന്നീട് രാമനാട്ട് കരയുള്ള സതീശൻ മാഷിന്റെ ( ഗായിക സിതാര കൃഷ്ണകുമാറിന്റെ ആദ്യ കാല ഗുരു) കീഴിൽ തുടർ പഠനം. തബലയിൽ ഗുരു ആയത് ബൈജു മാഷും. പിതാവിന്റെ സഹപ്രവർത്തകന്റെ മകനും, പ്രശസ്ത പിന്നണി ഗായകനും ആയ നിഷാദ് ആയിരുന്നു കഥപ്രസംഗത്തിലെ ഗുരു. പത്താം ക്ലാസ് കഴിഞ്ഞതോടെ കലാ ജീവിതത്തിന് ചെറിയ ഒരിടവേള വന്നു. +2, കോളജ് കാലഘട്ടത്തിൽ കലയുടെ ലോകത്ത് അത്ര സജീവം അല്ലായിരുന്നു.

Talented Banker's ൽ അംഗമായത് ബാങ്ക് ട്രോൾ ഗ്രൂപ്പിലൂടെ ആയിരുന്നു. അതിനു പ്രചോദനം ആയത് Rinu എന്ന വനിത ആയിരുന്നു. ഒരു സ്ത്രീക്ക് ആകാമെങ്കിൽ എന്ത് കൊണ്ട് തനിക്കും ആയി കൂടാ എന്ന

ചിന്തയിൽ നിന്നും പ്രചോദിതയായി ഗ്രീഷ്മയിൽ നിന്നും കുറച്ചു ട്രോൾസ് പിറവി എടുക്കുകയും ഉണ്ടായി. ( റിനു എന്നത് ഒരു വനിത അല്ല, മറിച്ചു അതൊരു പുരുഷനും സർവോപരി TB മീറ്റിലെ അഭിവാജ്യ ഘടകം ആയ Bank Troll സ്കിറ്റിന്റെ അമരക്കാരൻ ആണെന്ന് അറിയുന്നത് പിന്നീടാണ്).

കലയുടെ ലോകത്ത് വീണ്ടും സജീവം ആകാൻ കാരണം Talented Bankers ൽ അംഗമാകാൻ കഴിഞ്ഞതാണ്. കോവിഡ് തുടങ്ങുന്നതിനു 5-6 മാസം മുന്നെയാണ് കേരളത്തിന് പുറത്തേക്ക് സ്ഥലം മാറ്റം ലഭിക്കുന്നത്. ലോകമാകെ ലോക്ക് ഡൗൺ ആയ കോവിഡ് വ്യാപന സമയത്ത് സമയം പോകുവാൻ സംഗീതം ആയിരുന്നു തുണ. Smule ൽ പാടി കൊണ്ടായിരുന്നു തിരിച്ചു വരവിന്റെ തുടക്കം. കൂടാതെ Talented Bankers ന്റെ മ്യൂസിക് ക്ലബ്ബിലും അംഗം ആയി അതിലെ സുപ്രഭാതം പരിപാടിയിൽ പാടുകയും ചെയ്തു. ഏറെ നാളുകൾക്ക് ശേഷം ഒരു വേദിയിൽ കയറുന്നത് കോഴിക്കോട് വച്ച് നടന്ന നാലാമത് Talented Banker's മീറ്റിൽ വച്ചായിരുന്നു. കുറച്ച് നാളുകൾക്ക് ശേഷം ഉള്ള ഒരു വേദിയിലെ പരിപാടി ആയത് കൊണ്ട് അൽപ്പം പരിഭ്രമം ഉണ്ടായിരുന്നു. ഏന്നാൽ സർവ്വ വിധ പിന്തുണയും നൽകാൻ TB എന്ന പ്ലാറ്റ് ഫോമും അതിലെ അംഗങ്ങളും ഉള്ളപ്പോൾ മനസ്സിലെ ടെൻഷൻ ഏതു വഴി പോയെന്ന് അറിയില്ല. അതേ TB മീറ്റിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമായ മെഗാ തിരുവാതിരയിലും പങ്കാളി ആകാൻ കഴിഞ്ഞു. അതും ഏറെ നാളുകൾക്ക് ശേഷം.

കേരളത്തിന് പുറത്തേക്ക് സ്ഥലം മാറ്റം ലഭിക്കും മുമ്പ് നാട്ടിൽ വച്ച് വയലിൻ ക്ലാസ്സിനു ചേർന്നിരുന്നു. അപ്രതീക്ഷിതം ആയി വന്ന സ്ഥലം മാറ്റം വയലിൻ പഠനം മുടക്കി. പഠനം വീണ്ടും തുടരണം എന്നാഗ്രഹിച്ചു കഴിയുന്ന നാളിൽ ഒരു ഓൺലൈൻ ക്ലാസിന്റെ പരസ്യം കണ്ടു. ഫറോക്ക് ഉള്ള രജനി പ്രവീൺ എന്ന ടീച്ചറിന്റെ. പിന്നൊന്നും നോക്കിയില്ല. അതിനങ്ങ് ചേർന്നു. ഇതിന്റെ കൂടെ ടീച്ചറിന്റെ തന്നെ സംഗീത ക്ലാസ്സിലും ചേർന്ന് മുടങ്ങി പോയ സംഗീത പഠനം പുനരാരംഭിച്ചു. 2024 ഏപ്രിലിൽ നാട്ടിലേക്ക് സ്ഥലം മാറ്റം കിട്ടിയ ശേഷം തൊട്ടടുത്ത മാസം തന്നെ കോഴിക്കോട് സൈബർ പാർക്കിന് സമീപം ഉള്ള ശ്രീ തൃക്കൈപെറ്റ ശിവ ക്ഷേത്രത്തിൽ വച്ച് സംഗീതത്തിൽ അരങ്ങേറ്റവും നടത്തി. ഇതോടൊപ്പം ടീച്ചറിന്റെ കൂടെ വിവിധ വേദികളിൽ കച്ചേരികൾക്ക് പങ്കെടുക്കുവാനും കഴിഞ്ഞു. ഗുരുവായൂർ ചെമ്പൈ സംഗീതോത്സവം, വൈക്കം മഹാദേവ ക്ഷേത്രത്തിലെ ദക്ഷിണാമൂർത്തി സംഗീതോത്സവം.. ഇവയൊക്കെ അതിൽ ചിലത് മാത്രം.

തന്റെ എല്ലാ കലാ പ്രവർത്തനത്തിനും പിന്തുണ നൽകുന്ന

കുടുംബത്തെ കുറിച്ച് ഏറെ അഭിമാനം. ഏക സഹോദരൻ മാതൃഭൂമി ന്യൂസിൽ ബ്രോഡ്കാസ്റ്റ് സൂപ്പർവൈസർ ആയി കുടുംബ സമേതം തിരുവനന്തപുരത്ത് കഴിയുന്നു.

നൃത്തവും, ഗാനവും, ഉപകരണ സംഗീതവും കഴിഞ്ഞ് വരയുടെ ലോകത്ത് ഒരു കൈ നോക്കാൻ ആണ് ഗ്രിഷ്മയുടെ അടുത്ത ലക്ഷ്യം. ഏറെ ഇഷ്ടപെടുന്നവയൊക്കെ നേടി എടുക്കാനും, അവയിലൊക്കെ തിളങ്ങാനും വരും കാലങ്ങളിൽ ഈ യുവ പ്രതിഭയ്ക്ക് കഴിയുമാറാകട്ടെ എന്ന് TB കുടുംബം ഹൃദയപൂർവ്വം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

Article by : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, SMEUC Branch, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapnaraj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

A young banker whose dance, music, and instrumental skills – showcased at the Talented Bankers meets in Kozhikode and Thiruvananthapuram – come together to add color and rhythm to life is this week's featured talent:

Greeshma M.
Indian Overseas Bank,
Kottakkal Branch

She is the younger of two children of Mr. Radhakrishnan, a retired Administrative Assistant from the Education Department, and homemaker Pushpamani.

Her early education was at AMLPS (up to 4th class), then AMMHS Pulikkal (5th–8th) – both in Malappuram district. For classes 9 and 10, she studied at Seva Mandir Post Basic School in Ramanattukara, Kozhikode. She completed her higher secondary education at Farook Higher Secondary School and earned a B.Tech degree from AWH Engineering College, Kuttikkattoor, Kozhikode. Though she began her M.Tech at Govt. Engineering College, Wayanad, she had to discontinue it after securing a job at Indian Overseas Bank. However, she later earned an MBA through distance education from the University of Kerala.

Her first posting was at West Hill Branch under Kozhikode Region. After her 2019 promotion, she was transferred to Bangalore Region, serving in Hebbal and Megalapura branches. She now works at Kottakkal Branch.

After completing her degree, she briefly worked as a guest lecturer for around 6 months at Govt. Engineering College, Kozhikode – a short teaching stint that proved quite useful in her

later professional life.

Greeshma takes pride in having entered the world of arts from a very young age. From nursery to 10th class, she actively participated in all school cultural events. She and her brother began dance training at a school run by her father's elder sister under the guidance of Balasubrahmaniam master – her first steps into the world of arts. He was a strict teacher who did not hesitate to discipline students for academic lapses, but that discipline helped shape her future. Her first stage performance was a folk dance taught by him for a school festival – marking the humble beginnings of her artistic journey.

Later, she continued her dance training under Bindu Teacher, wife of renowned actor Harish Peradi, and made her stage debut. From LP school through 10th class, she was at the forefront of cultural participation, winning prizes in both solo and group items – not just in dance, but also in light music, storytelling, tabla, poetry recitation, mono act, etc. She even reached district-level school fests in tabla and storytelling. She also excelled in quiz competitions.

Despite her active involvement in the arts, her academic performance never suffered – she remained a top performer and a favorite among teachers.

She began learning music in 5th class under Sivadasan Master in Kozhikode, later continuing under Satheesan Master in Ramanattukara (who was also the early music teacher of singer Sithara Krishnakumar). She learned tabla under Baiju Master. In storytelling, her mentor was Nishad, a well-known playback singer and son of her father's colleague.

Her artistic pursuits saw a pause after 10th, and during her +2 and college years, she wasn't very active in arts.

Greeshma became part of the Talented Bankers group through the Bank Troll group, inspired by non other than Rinu George. Wanting to create similar content herself, she began contributing her own troll posts – only to later realize that Rinu was not a woman but a man, and in fact the mastermind behind the Bank Troll skit team, a key element of TB meets.

Joining Talented Bankers helped revive her connection with the arts. About 5–6 months before the COVID outbreak, she was transferred outside Kerala. During the global lockdown, music became her solace. She returned to singing through the Smule app, and joined the Talented Bankers Music Club, participating in its Suprabhaatham morning program. After a long gap, her return to the stage happened at the fourth Talented Bankers meet in Kozhikode. Though initially nervous, the support from the TB platform and its members calmed her completely. She also took part in the mega Thiruvathira performance at the same meet – again, after many years.

Before being transferred outside Kerala, she had begun learning violin but had to pause due to the unexpected transfer. Later, she came across an ad for online classes by Rajani Praveen

from Farook and immediately enrolled. She also resumed music lessons with the same teacher. After getting a transfer back to Kerala in April 2024, she gave her debut Carnatic vocal performance at the Sree Thrikkaipatta Shiva Temple near Kozhikode Cyberpark in May. She also began performing in concerts alongside her teacher – including at the Chembai Music Festival in Guruvayur, the Dakshinamurthy Music Festival at Vaikom Mahadeva Temple, and more.

She is deeply proud of her supportive family. Her only brother works as a broadcast supervisor at Mathrubhumi News and lives in Thiruvananthapuram with his family.

Having explored dance, vocal music, and instrumental music, Greeshma now sets her sights on the world of drawing and visual art. The TB family wishes this young talent all the best in acquiring and shining in everything she dreams of.